# പടവുകൾ
കെ.എൽ.ഡി.ബി. വാർത്താ പത്രിക

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)

ഗോകുലം, പട്ടം പി.ഒ., തിരുവനന്തപുരം-695 004 | ഫോൺ: 0471-2440920, ഫാക്സ്: 0471-2440673 | www.livestock.kerala.gov.in

AN ISO 9001 : 2015 CERTIFIED COMPANY

വാല്യം-5, ലക്കം-2
സെപ്തംബർ 2021


# കർഷക ക്ഷേമത്തിനായി മൃഗസംരക്ഷണ മേഖല സജ്ജമാകുന്നു





സംസ്ഥാന മൃഗസംരക്ഷണ, ക്ഷീര വികസന, മൃഗശാല വകുപ്പ് മന്ത്രിയായി ശ്രീമതി. ജെ. ചിഞ്ചുറാണി അധികാരമേറ്റിരിക്കുന്നു. ഭരണത്തിന്റെ ആദ്യ 100 ദിനം കൊണ്ടു തന്നെ സംസ്ഥാനത്തെ മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകളിൽ കാതലായ ചലനങ്ങൾ സൃഷ്ടിക്കുവാൻ ബഹു. മന്ത്രിക്കു കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിൽ സംരംഭകത്വത്തിനും നിർണ്ണായക പങ്ക് വഹിക്കുന്ന മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത കർഷകരെ നിലനിർത്തുന്നതിനാവശ്യമായ നിരവധി പദ്ധതികൾ ഇതിനോടകംതന്നെ ആസൂത്രണം ചെയ്തു കഴിഞ്ഞു. പുതിയ സാങ്കേതിക വിദ്യകളെ പരീക്ഷണശാലയിൽ നിന്നും പ്രവർത്തന മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും, മൃഗസംരക്ഷണ, ക്ഷിരവികസന മേഖലകളിലെ ഉൽപ്പാദന സാധ്യതകളെ പൂർണ്ണമായും വിനിയോഗിക്കുവാനും, കൃഷിക്കാർ, ഉപഭോക്താക്കൾ, ജനങ്ങൾ തുടങ്ങിയവർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ഗവേഷണ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും കർമ്മ പരിപാടികൾ ഒരുങ്ങിവരുന്നു.

പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുവാനും മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ തുടർച്ച ഉറപ്പിക്കുവാനും, ഗതിവേഗം വർദ്ധിപ്പിക്കുവാനും ഈ ചുരുങ്ങിയ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം പുതിയ പദ്ധതികൾക്ക് രൂപം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ വൈവിദ്ധ്യവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുതകുന്ന രീതിയിൽ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, വിഭാവനം ചെയ്തിട്ടുള്ള ബൃഹത്തായ ലക്ഷ്യങ്ങൾ അതിവേഗം കൈവരിക്കുവാൻ കഴിയുമെന്ന് ഉറപ്പാണ്.

**ഒരായിരം ആശംസകൾ...**

# "ജീനോമിക് ലബോറട്ടറി മികവിന്റെ കേന്ദ്രമാക്കും: ബഹു. മന്ത്രി ജെ. ചിഞ്ചുറാണി"



തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെ.എൽ.ഡി. ബോർഡിന്റെ ജീനോമിക് ലബോറട്ടറി ബഹു. സംസ്ഥാന മൃഗസംരക്ഷണ - ക്ഷീരവികസന - മൃഗശാല വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി, 2021 ജൂലൈ 8-ാം തീയതി സന്ദർശിച്ചു. മന്ത്രിയോടൊപ്പം പ്രൈവറ്റ് സെക്രട്ടറി ശ്രീ. അനിൽ ഗോപിനാഥ്, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ഡോ. ജെ.ഹരികുമാർ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ശ്രീ. ബിജു എന്നിവരുമുണ്ടായിരുന്നു.

ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയ മന്ത്രി, ഭാവി പദ്ധതികളെക്കുറിച്ച് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി. ലബോറട്ടറിയ്ക്ക് NABL അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും, തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പ്രവർത്തിക്കുന്ന Indian Institute of Science Education and Research (IISER) മായി സഹകരിച്ച് കന്നുകാലി വികസനവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 2021 സെപ്റ്റംബർ മാസത്തിൽ ഒപ്പിടുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ മന്ത്രിയെ അറിയിച്ചു. ലബോറട്ടറിയുടെ പ്രവർത്തനത്തിനാവശ്യമായ മിനിമം സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമെന്നും ഈ ലബോറട്ടറിയെ ഒരു മികവിന്റെ കേന്ദ്രമാക്കുമെന്നും മന്ത്രി അറിയിച്ചു.





# "നാടൻ പശു ഇനങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമായി കൂടുതൽ നടപടികൾ സ്വീകരിക്കും"

## ബഹു. മന്ത്രി ജെ. ചിഞ്ചുറാണി

രണ്ട് വർഷത്തിനകം 1000 പെരിയാർ പശുക്കളെ ഉൽപ്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. പെരിയാറിന്റെ തീരപ്രദേശങ്ങളിലെ തനത് പശു ഇനമായ കുട്ടമ്പുഴ കുള്ളൻ അഥവാ പെരിയാർ പശു സംരക്ഷണ പദ്ധതിയുടെ ഉദ്ഘാടനം 2021 ജൂലൈ 9-ാം തീയതി കോടനാട് നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ തനത് പശു ഇനങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ വ്യാപനത്തിനുമായി പ്രചാരണം നൽകുമെന്നും മന്ത്രി പറഞ്ഞു.



കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, മൃഗസംരക്ഷണ വകുപ്പ് എന്നിവ കുട്ടമ്പുഴ കുള്ളൻ പശു പ്രജനന പരിപാലന സംഘത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ പാലുൽപ്പാദന രംഗത്ത് മികച്ച മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ സാധിച്ചതായി പറഞ്ഞ മന്ത്രി, തനത് പശു ഇനങ്ങളെ സംരക്ഷിക്കുന്നതിനായി കർഷകർക്ക് ധനസഹായവും പരിശീലനവും നൽകുമെന്നും അറിയിച്ചു. തീറ്റപ്പുൽ ഉൽപ്പാദനത്തിനായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.



ശ്രീ. എൽദോസ് കുന്നപ്പിള്ളി എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കോടനാട് മാർ ഔഗൻ ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ കൂവപ്പടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മിനി ബാബു, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. മനോജ് മൂത്തേടൻ, കെ.ഡി.പി.പി.എസ് പ്രസിഡന്റ് റവ: ഫാദർ തോമസ് പോൾ റമ്പാൻ, കെ.എൽ.ഡി.ബി. മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബേബി ജോസഫ് എന്നിവർ പങ്കെടുത്തു.

# കുട്ടമ്പുഴ കുള്ളൻ (പെരിയാർ) പശു സംരക്ഷണ പദ്ധതി



## കുട്ടമ്പുഴ കുള്ളൻ അഥവാ പെരിയാർ പശു

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പെരിയാറിന്റെ തീരപ്രദേശങ്ങളിൽ കാണുന്ന പശുവാണ് കുട്ടമ്പുഴ കുള്ളൻ. പെരിയാർ പശു എന്നും ഇതറിയപ്പെടുന്നു. ഈ പശുക്കളുടെ ശരാശരി പാലുൽപ്പാദനം 2 ½ ലിറ്ററാണ്. എന്നാൽ പാലിൽ 8%ത്തിൽ അധികം കൊഴുപ്പുണ്ടാകും. വളരെയധികം രോഗ പ്രതിരോധ ശേഷിയും, ഏത് തരം കാലാവസ്ഥയോടും ഇണങ്ങുവാനുള്ള കഴിവും ഇവയ്ക്കുണ്ട്. പ്രധാനമായും എറണാകുളം ജില്ലയിലെ മലയാറ്റൂർ, കോടനാട്, കാലടി, ഭൂതത്താൻകെട്ട്, കുട്ടമ്പുഴ എന്നിവിടങ്ങളിലാണ് ഇവയെ കാണപ്പെടുക. കുള്ളൻ പശുവെന്നറിയപ്പെടുന്നുവെങ്കിലും ഇവയുടെ വലിപ്പത്തിൽ ഏറ്റക്കുറച്ചിലുകൾ കാണാറുണ്ട്.

എന്നാൽ ഈയിനം പശുക്കൾ നിലവിൽ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പ്രധാന കാരണം, ശുദ്ധമായ കുട്ടമ്പുഴ കുള്ളൻ കാളകളുടെ ബീജം ലഭ്യമല്ലാത്തതിനാൽ, ഈയിനത്തിലെ പശുക്കളിൽ മറ്റ് ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിക്കേണ്ടി വരുന്നു എന്നതാണ്. എന്നാൽ ഈയിനം പശുക്കൾ ഉള്ള മേഖലകളിൽ, ഇതേയിനത്തിൽപ്പെട്ട കാളകളുടെ ബീജം ലഭ്യമാക്കിയാൽ, ഈയിനം പശുക്കളെ സംരക്ഷിക്കുവാനും, അവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുവാനും സാധിക്കുന്നതാണ്. ഈ ഉദ്ദേശത്തോട് കൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## എന്താണ് പദ്ധതി ?

- കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും, സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, കുട്ടമ്പുഴ കുള്ളൻ പശു പ്രജനന പരിപാലന സംഘത്തിന്റെ (KDPPS) സഹായ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു.
- ആദ്യഘട്ടത്തിൽ ശുദ്ധജനുസ്സിൽപ്പെട്ട അഞ്ച് കുട്ടമ്പുഴ കുള്ളൻ വിത്തുകാളകളെ KDPPS ന്റെ സഹായത്തോടെ കെ.എൽ.ഡി.ബോർഡ് തെരഞ്ഞെടുത്തു.
- ഇവയ്ക്കൊന്നും തന്നെ ജനിതക രോഗങ്ങളില്ലായെന്ന് ബോർഡിന്റെ തിരുവനന്തപുരത്തുള്ള Centre for Advanced Livestock Genomics (CALG) ലബോറട്ടറിയിൽ പരിശോധിച്ച് ഉറപ്പ് വരുത്തി.
- അതോടൊപ്പം സാംക്രമിക രോഗങ്ങളായ ബ്രൂസെല്ലോസിസ്, റ്റി.ബി, പാരാ ടി.ബി എന്നിവയുമില്ലായെന്ന് മൃഗസംരക്ഷണ വകുപ്പിന്റെ പാലോടുള്ള State Institute for Animal Disease ൽ പരിശോധിച്ച് ഉറപ്പ് വരുത്തി.
- ഏറ്റവും മികച്ചതും ലക്ഷണമൊത്തതുമായ രണ്ട് വിത്തുകാളകളെ (3 വയസ്സ്, 4 വയസ്സ് പ്രായമുള്ളവയെ) തെരഞ്ഞെടുത്തു.
- ഈ കാളകളെ KDPPS ലോണായി കെ.എൽ.ഡി. ബോർഡിന് നൽകുന്നതാണ്.
- ഈ വിത്തുകാളകളെ ബോർഡ് ഏറ്റുവാങ്ങി, ബോർഡിന്റെ, തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഫാമിലെ ക്വാറന്റൈൻ സ്റ്റേഷനിൽ 30 ദിവസം പരിപാലിച്ച്, രോഗങ്ങളൊന്നുമില്ലായെന്ന് ഒന്നുകൂടി ഉറപ്പ് വരുത്തിയ ശേഷം ഇവയെ കുളത്തൂപ്പുഴ ബുൾ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നതാണ്.
- തുടർന്ന് ഇവയിൽ നിന്ന് കുറഞ്ഞത് 5000 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച ശേഷം, വിത്തുകാളകളെ KDPPS ന് തിരികെ നൽകുന്നതാണ്.
- കുട്ടമ്പുഴ കുള്ളൻ പശുക്കൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പിന്റെ എറണാകുളം ജില്ലയിലെ കോടനാട്, മലയാറ്റൂർ, അയമ്പുഴ, കോമ്പനാട്, കുട്ടമ്പുഴ, കാലടി, കൊറ്റപ്പാടി എന്നീ ബീജധാന കേന്ദ്രങ്ങൾ വഴി, ഈ ബീജമാത്രകൾ സൗജന്യമായി നൽകുന്നതാണ്.
- രണ്ട് വർഷം കൊണ്ട് ഏതാണ്ട് 1000 വംശശുദ്ധിയുള്ള കുട്ടമ്പുഴ കുള്ളൻ പശുക്കൾ ഈ പദ്ധതിയിലൂടെ ജനിക്കുന്നതാണ്.
- ഈ പദ്ധതി തുടർന്നും നടപ്പിലാക്കുക വഴി ഇവ വംശനാശ ഭീഷണിയിൽ നിന്നും ഏറെക്കുറെ ഒഴിവാകുന്നതാണ്.



# വെറ്ററിനറി ഡോക്ടർമാർക്ക് പ്രത്യേക പരിശീലന പരിപാടി

ആദായകരമായ ക്ഷീരോൽപ്പാദനത്തിൽ കന്നുകാലികളുടെ പ്രത്യുൽപ്പാദന ക്ഷമതയ്ക്കുള്ള പങ്ക് ഏറെ വലുതാണ്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി, വെറ്ററിനറി ഡോക്ടർമാർക്ക് കന്നുകാലികളുടെ പ്രത്യുൽപ്പാദനക്ഷമതാ പരിപാലനത്തിൽ പ്രത്യേക പരിശീലന പരിപാടി കെ.എൽ.ഡി.ബോർഡും, ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ കേരളാഘടകവും സംയുക്തമായി, ബോർഡിന്റെ മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ ആരംഭിച്ചു. ഓരോ ബാച്ചിലും 15 ഡോക്ടർമാർ വീതം 10 ബാച്ചുകൾ നടത്തുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്.



നാലു ദിവസമാണ് പരിശീലന കാലാവധി. ഈ പരിശീലന പരിപാടി 2021 ജൂലൈ 28-ാം തീയതി രാവിലെ ബഹു: മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി ഓൺലൈനായി നിർവ്വഹിച്ചു. തദവസരത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശിഗൻ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തുകയും, കെ.എൽ.ഡി.ബി എം.ഡി. ഡോ. ജോസ് ജെയിംസ് സ്വാഗതവും പറഞ്ഞു. ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ കേരള ഘടകം പ്രസിഡന്റ് ഡോ. എം. കെ. പ്രദീപ് കുമാർ അദ്ധ്യക്ഷ പ്രസംഗവും, ജനറൽ സെക്രട്ടറി ഡോ. വി. കെ. പി മോഹൻകുമാർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.





# കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന തീറ്റപ്പുൽ വ്യാപന പദ്ധതി

- സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു - കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ.
- കന്നുകാലികൾ കൂടുതലുള്ളതും കുടുംബശ്രീ പ്രവർത്തകർ സജീവമായി ക്ഷീരമേഖലയിലുള്ളതുമായ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.
- ഒരു ഏക്കർ വീതമുള്ള 500 യൂണിറ്റ് പുൽകൃഷിത്തോട്ടം ഈ ഏഴ് ജില്ലകളിൽ സ്ഥാപിക്കുന്നതാണ്.
- ഒരു യൂണിറ്റ് പുൽകൃഷിത്തോട്ടം സ്ഥാപിക്കുന്നതിനായി കർഷകർക്ക് വ്യവസ്ഥകൾക്കു വിധേയമായി പരമാവധി 16000/- രൂപ ധനസഹായം നൽകുന്നതാണ്.
- തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർക്ക് ശാസ്ത്രീയമായ രീതിയിൽ തീറ്റപ്പുൽ കൃഷി നടത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള പരിശീലനം നൽകുന്നതാണ്.
- മേൽത്തരം തീറ്റപ്പുൽ ഇനങ്ങളുടെ നടീൽ വസ്തുക്കൾ കെ.എൽ.ഡി.ബോർഡ് ആവശ്യാനുസരണം സൗജന്യമായി ലഭ്യമാക്കുന്നതാണ്.



പാലക്കാട് ജില്ല, മുട്ടിപ്പാലം ക്ഷീരോൽപ്പാദക സഹകരണ സംഘം

# മാതൃകാ തീറ്റപ്പുൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

- സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ പ്രദർശന മൂല്യമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പിലാക്കുന്നു.
- ഒരു ഏക്കർ വീതമുള്ള 100 യൂണിറ്റ് മാതൃകാ തീറ്റപ്പുൽ കേന്ദ്രങ്ങൾ ആകെ സ്ഥാപിക്കുന്നതാണ്.
- ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 70000/- രൂപ വരെ ധനസഹായം നൽകുന്നതാണ്.
- തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾക്ക് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങൾ പദ്ധതി വ്യവസ്ഥകൾക്ക് അനുസൃതമായി നൽകുന്നതാണ്.



# നടീൽ വസ്തുക്കൾ വിതരണം തുടങ്ങി

ഈ പദ്ധതിയിൻ കീഴിൽ 2021-22 വർഷത്തിൽ 6 ലക്ഷം തീറ്റപ്പുൽ തണ്ടുകളാണ് കർഷകർക്ക് കൃഷിയ്ക്കായി സൗജന്യമായി വിതരണം ചെയ്യുന്നത്. പാലക്കാട്, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ ജില്ലകളിലെ വിതരണം ഇതിനോടകം നടത്തിക്കഴിഞ്ഞു.



## പ്രോജനി ടെസ്റ്റിംഗിനെക്കുറിച്ച് പരിശീലനം നൽകി

രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി പ്രകാരം കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്ന പ്രോജനി ടെസ്റ്റിഗ് പദ്ധതിയിൻ കീഴിൽ മൃഗസംരക്ഷണ വകുപ്പിലെ 67 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ, ക്ഷീര സംഘങ്ങളിലെ 32 ഇൻസെമിനേറ്റർമാർ, 15 സൂപ്പർവൈസർമാർ എന്നിവർക്ക് മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ 2021 ജൂലൈ 22 മുതൽ 26 വരെ വിദഗ്ദ്ധ പരിശീലനം നൽകി.

## സങ്കരവർഗ്ഗ പശുക്കളിൽ IVF സാങ്കേതികവിദ്യ വിജയം കാണുന്നു

കന്നുകാലി പ്രജനന രംഗത്തെ പുത്തൻ സാങ്കേതിക വിദ്യ ഫലപ്രാപ്തിയിലേയ്ക്ക് എത്തുന്നു. മാട്ടുപ്പെട്ടി ഭ്രൂണമാറ്റ സാങ്കേതികവിദ്യ ലബോറട്ടറിയിൽ IVF (In Vitro Fertilization) സാങ്കേതികവിദ്യയിലൂടെ സങ്കരവർഗ്ഗ ജേഴ്സി പശുവിൽ നിന്നും അണ്ഡങ്ങൾ ശേഖരിച്ച്, ലബോറട്ടറിയിൽ ഭ്രൂണമാക്കിമാറ്റി, 7 ദിവസം പ്രായമായപ്പോൾ മറ്റൊരു സങ്കരവർഗ്ഗ ജഴ്സി പശുവിൽ നിക്ഷേപിക്കുകയും, ഭ്രൂണം സ്വീകരിച്ച പശു ചെനയേൽക്കുകയും ചെയ്തു.

ശരാശരി പ്രതിദിന പാലുൽപ്പാദനം 18 കി.ഗ്രാം ഉണ്ടായിരുന്നു. KA 14150 എന്ന പശു, ഇടുപ്പെല്ല് സ്ഥാനം തെറ്റിയതിനെത്തുടർന്ന് കിടപ്പിലായിരുന്നു. ഈ പശുവിൽ നിന്നും മാട്ടുപ്പെട്ടിയിലെ ഡോ. അനൂപ്, ഡോ. അവിനാഷ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ അണ്ഡങ്ങൾ ശേഖരിക്കുകയും, ലബോറട്ടറിയിൽ വെച്ച് KA 8704 എന്ന വിത്തുകാളയുടെ ബീജമുപയോഗിച്ച് ഭ്രൂണങ്ങളുണ്ടാക്കുകയും, KA 18567 നമ്പരായ സങ്കരവർഗ്ഗ ജെഴ്സി പശുവിൽ നിക്ഷേപിക്കുകയും ചെയതു. ഈ പശു ഇപ്പോൾ ചെനയേറ്റതായി ഫലങ്ങൾ വന്നു.

മാട്ടുപ്പെട്ടിയിലെ ഭ്രൂണമാറ്റ ലബോറട്ടറി ഇപ്പോൾ പൂർണ്ണമായും IVF സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇതിനോടകം സഹിവാൾ ഇനത്തിൽപ്പെട്ട പശുക്കളിൽ നിന്നും 63 ഭ്രൂണങ്ങൾ IVF സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു.





ഭ്രൂണം സ്വീകരിച്ച പശു

# KLDB – IISER
# സംയുക്ത ഗവേഷണ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പ്രവർത്തിക്കുന്ന Indian Institute of Science Education and Research, കെ.എൽ.ഡി.ബിയുമായി സഹകരിച്ച് സംസ്ഥാനത്തെ കന്നുകാലി വികസനത്തിനും പാലുൽപ്പാദന വർദ്ധനവിനും സഹായകരമാകുന്ന രീതിയിൽ വിത്തുകാളകളുടെ ജനിതക തെരെഞ്ഞെടുപ്പിൽ CRISPR-Cas സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രാരംഭ പഠനങ്ങൾ നടത്തുവാൻ ചർച്ചകൾ ആരംഭിച്ചു. IISER ലെ വിസിറ്റിംഗ് പ്രൊഫസർ ഡോ. ടി. വി. അനിൽകുമാർ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സദാനന്ദ സിംഗ് എന്നിവർ ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തിക്കഴിഞ്ഞു. 2021 സെപ്റ്റംബർ അവസാനത്തോടെ ധാരണാ പത്രം ഒപ്പിടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.



# ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഫലം കാണുന്നു

വിലാസം:
ശ്രീ. ജോസ് വട്ടപ്പാറ
കാഞ്ഞിരമല
പുതുവേലി, കൂത്താട്ടുകുളം
ഫോൺ നം: 9447433489



കെ എൽ.ഡി.ബോർഡ് ഇറക്കുമതി ചെയ്ത് തെരെഞ്ഞെടുക്കപ്പെട്ട ബീജധാന കേന്ദ്രങ്ങൾ വഴി ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ കർഷകർക്ക് വിതരണം ചെയ്ത് വരുന്നു. ഇത്തരം ബീജമാത്രകളുപയോഗിച്ച് ജനിക്കുന്ന പശുക്കുട്ടികൾ, തുടർന്ന് പ്രസവിക്കുമ്പോൾ മികച്ച പാലുൽപ്പാദനം നൽകുന്നതായി കർഷകർ സാക്ഷ്യപ്പെടുത്തുന്നു. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം മൃഗാശുപത്രിയിൽ നിന്ന് ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളുപയോഗിച്ച് ജനിച്ച പശുക്കുട്ടി, 2021 മാർച്ചിൽ പ്രസവിച്ചപ്പോൾ പ്രതിദിനം 25 ലിറ്റർ വരെ പാൽ ലഭിച്ചതായി പശുവിന്റെ ഉടമസ്ഥൻ ശ്രീ. ജോസ് വട്ടപ്പാറ പറഞ്ഞു. 2021 സെപ്റ്റംബറിലും ഈ പശു 15 - 16 ലിറ്ററോളം പാൽ ചുരത്തുന്നതായി അദ്ദേഹം അറിയിച്ചു. ശ്രീ. ജോസിനോട് ബോർഡ് വിതരണം ചെയ്യുന്ന ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളെക്കുറിച്ച് പറഞ്ഞതും കൃത്രിമ ബീജധാനം നടത്തിയതും, പശുക്കുട്ടിയുടെ ശാസ്ത്രീയ പരിപാലനത്തിന് സാങ്കേതിക സഹായങ്ങൾ നൽകിയതും കൂത്താട്ടുകുളം മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജനായിരുന്ന ഡോ. ഈപ്പൻ ജോണാണ്.



ഡോ. ഈപ്പൻ ജോൺ
Mob: 9447053869

# തീറ്റപ്പുൽ വിത്തുകളും/തണ്ടുകളും വിൽപ്പനയ്ക്ക്

## കെ.എൽ.ഡി. ബോർഡിന്റെ പാലക്കാടുള്ള ധോണി ഫാമിൽ താഴെപ്പറയുന്ന തീറ്റപ്പുൽ വിത്തുകളും, തണ്ടുകളും ലഭ്യമാണ്

| ക്രം. നമ്പർ | വിവരങ്ങൾ | വില കി.ഗ്രാം (രൂപ ) | ഒരു കിലോ വിത്ത് വിതയ്ക്കാൻ വേണ്ട സ്ഥലം |
|---|---|---|---|
| 1 | **തീറ്റപ്പുൽ വിത്തുകൾ** | | |
| | ◆ ഗിനിപ്പുല്ല് | 400/- | 40 സെന്റ് |
| | ◆ മക്കാ ചോളം | 75/- | 08 സെന്റ് |
| | ◆ മണി ചോളം – SSG | 75/- | 15 സെന്റ് |
| | ◆ മണി ചോളം COFS 29,30,31 | 450/- | 15 സെന്റ് |
| | ◆ ഹ്യുമിഡികോള ** | 300/- | 15 സെന്റ് |
| 2 | **പയറുവർഗങ്ങൾ** | | |
| | ◆ ഫോഡർ പയർ (cowpea) | 120/- | 08 സെന്റ് |
| | ◆ സ്റ്റൈലോ ഹമാറ്റ | 125/- | 15 സെന്റ് |
| | ◆ സ്റ്റൈലോ സ്കാബ്ര | 300/- | 15 സെന്റ് |
| 3 | **ഫോഡർ മരങ്ങൾ** | | |
| | ◆ സുബാബൂൾ (പീലിവാക ) | 200/- | 40 സെന്റ് |
| 4 | **പുൽ തണ്ടുകൾ** | | |
| | ◆ CO 3 | 0.75/Slip | |
| | ◆ CO 4 | 0.75/Slip | 10 സെന്റിന് |
| | ◆ CO 5 | 1.00/Slip | 1000 എണ്ണം |
| 5 | **മറ്റുള്ളവ** | | |
| | ◆ അസോള | 75/- | |
| | ◆ മണ്ണിര കമ്പോസ്റ്റ് | 15/- | |
| | ◆ ജൈവവളം (FYM) | 15/- | |

**വിത്തുകൾ കൊറിയർ മുഖേന ലഭിക്കുന്നതാണ്. എല്ലാ സർക്കാർ പ്രവൃത്തി ദിനങ്ങളിലും തീറ്റപ്പുൽ വിത്തുകളും/തണ്ടുകളും ലഭ്യമാണ്. വിളിക്കേണ്ട നമ്പർ: 9048702812, 8304978251, 9446004285.**

**2021 ആഗസ്റ്റ് മാസം മുതൽ ലഭ്യമാണ്.



# KLDB- Relentless Pursuit of Excellence

**EXOTIC**

**HOLSTEIN FRIESIAN** | **JERSEY**





**CROSSBREDS**

**CROSSBRED JERSEY** | **CROSSBRED HF**





**SUNANDINI**

**SUNANDINI HF** | **SUNANDINI JY**





**BUFFALO**

**MURRAH BUFFALO**



**INDIGENOUS**

**RATHI** | **RED SINDHI** | **SAHIWAL**







**VECHUR** | **GIR** | **KANGAYAM** | **KASARGOD DWARF**









**GOAT BREEDS**

**SIROHI** | **MALABARI** | **BEETAL** | **BOER**









## WE DELIVER PERFORMANCE....

Edited & Published by: The Managing Director, Kerala Livestock Development Board Ltd. Gokulam, Pattom P.O.
Thiruvananthapuram-695 004 | e-mail: kldboard8@gmail.com | Website: www.livestock.kerala.gov.in

Design & Printed by: CHAKRA